**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 327** **03.02.2020 – ൽ മറുപടിക്ക്.**

**റേഷൻ വിതരണ രംഗത്തെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, വി.ആർ. സുനിൽ കുമാർ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ രംഗത്തെ മാറ്റങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | **(എ)** എല്ലാ തരത്തിലുമുള്ള റേഷൻകാർഡുകൾക്കും അനുവദിച്ചിട്ടുള്ള പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള SMS സന്ദേശങ്ങൾ 2017 ആഗസ്റ്റ് മാസം മുതൽ കേന്ദ്രസർക്കാർ സ്ഥാപനമായ C-DAC ന്റെ Mobile Service Delivery Gateway (https://services.mgov.gov.in) മുഖേന റേഷൻകാർഡുകളുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പരുകളിലേക്ക് യഥാസമയം അയയ്ക്കുന്നുണ്ട്.<br>ഇതിന് പുറമെ, സിവിൽ സപ്ലൈസ് വകുപ്പിന്റെ Official Facebook Page ആയ "Department of Food & Civil Supplies, Kerala" ൽ പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള അറിയിപ്പ് പോസ്റ്റ് ചെയ്യുന്നുമുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് civilsupplieskerala.gov.in, epos.kerala.gov.in എന്നീ സുതാര്യതാ പോർട്ടലുകളിലൂടെ റേഷൻകാർഡുകളുടെ വിവരങ്ങളും റേഷൻകടയിലെ സ്റ്റോക്ക് വിവരങ്ങളും തത്സമയം നിരീക്ഷിക്കാൻ സാധിക്കും. കൂടാതെ ബോധവത്ക്കരണത്തിന്റെ ഭാഗമായി ദൃശ്യ - ശ്രാവ്യ മാധ്യമങ്ങൾ വഴി വിപുലമായ രീതിയിലുള്ള പരസ്യങ്ങളും നൽകി വരുന്നു. |

**(ബി)** റേഷൻ വിതരണ രംഗത്ത് സുതാര്യത ഉറപ്പുവരുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

**(ബി)** റേഷൻകാർഡുകളുടെ വിതരണം പൂർണമായും ഓൺലൈനായി മാറി. പുതിയ കാർഡിനായും കാർഡിലെ തിരുത്തലുകൾക്കായും ഉള്ള അപേക്ഷകൾ ഓൺലൈനായി അപേക്ഷിക്കാനും അപേക്ഷയുടെ സ്ഥിതി നിരീക്ഷിക്കാനും സാധിക്കും. സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കിയതു മൂലം റേഷൻകടകളിൽ സാധനങ്ങൾ എത്തിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ കമ്പ്യൂട്ടർവല്കരിച്ചു. ഓരോ കടയിലെയും ഗോഡൗണുകളിലെയും സ്റ്റോക്ക് വിവരങ്ങൾ ആർക്കും തത്സമയം നിരീക്ഷിക്കാൻ സാധിക്കും. എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചതു മൂലം റേഷൻകടകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമായി മാറി. യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കാൻ സാധിക്കുന്നു. ഓൺലൈനായി പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതിപരിഹാരസംവിധാനം പൊതുജനങ്ങൾക്ക് ഗുണകരമാണ്. civilsupplieskerala.gov.in, epos.kerala.gov.in എന്നീ സുതാര്യതാ പോർട്ടലുകളിലൂടെ റേഷൻകാർഡുകളുടെ വിവരങ്ങളും റേഷൻകടയിലെ സ്റ്റോക്ക് വിവരങ്ങളും തത്സമയം നിരീക്ഷിക്കാൻ സാധിക്കും.

**(സി)** റേഷൻ ഗുണഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**(സി)** ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ ഉള്ള സംസ്ഥാന ഭക്ഷ്യകമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്മാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതിപരിഹാര സംവിധാനത്തിന്റെ (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| **(ഡി)** റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | **(ഡി)** എഫ്.സി.ഐ യുടേയും, സപ്ലൈകോയിലേയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങൾ കർശന പരിശോധന നടത്തിയതിന് ശേഷമാണ് എഫ്.സി.ഐ യിൽ നിന്നും സി.എം.ആർ മില്ലുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിലെത്തുന്നത്. ഗോഡൗണുകളിൽ നിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേൻമ ബോദ്ധ്യപ്പെടേണ്ട ഉത്തരവാദിത്വം എ.ആർ.ഡികൾക്കുണ്ട്. മോശമായ ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന പക്ഷം ഗോഡൗണുകളുമായി ബന്ധപ്പെട്ട് ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ പകരം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ സപ്ലൈ ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥർ റേഷൻ കടകളിൽ പരിശോധന നടത്തി റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് (First In First Out) തത്വം പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**